File No.LSGD-DD2/365/2017-LSGD

50/..V/18

19/5/18

# കേരള സർക്കാർ

## <u>സംഗ്രഹം</u>

<u>തദ്ദേശസ്വയംഭരണ വകുപ്പ് -മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റിയിൽ അതാത് പഞ്ചായത്തിന്റെ ചുമതലയുള്ള കൃഷി ഓഫീസറെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു</u>

### തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം./1308/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/05/2018

പരാമർശം:- 1. സ.ഉ.(സാധാ)നം.2107/2006/ത.സ്വ.ഭ.വ തീയതി 26.08.2006
2. സ.ഉ.(സാധാ)നം.2108/2016/ത.സ്വ.ഭ.വ തീയതി 12.07.2016
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 08.08.2017-ലെ 957/ഇ.ജി.എസ്-ബി/15/ആർ.ഇ.ജി.എസ് നമ്പർ കത്ത്

### <u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക്, ... പഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം അക്രഡിറ്റഡ് എൻജിനിയർ കൺവീനറും എൽ.എസ്.ജി.ഡി. എൻജിനിയർ ചെയർമാനുമായ ... ശം (1),(2) ഉത്തരവുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റിയാണ് സാങ്കേതികാനുമതി നൽകുന്നത്. നീർത്തടാധിഷ്ഠിത പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ... നൽകി വരുന്ന സാഹചര്യത്തിൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി മേൽ പറഞ്ഞ കമ്മിറ്റിയിൽ ... പഞ്ചായത്തിലെ കൃഷി ഓഫീസറെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ... പരാമർശം (3) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ... മിഷൻ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ... കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ... ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നത ... ശം (1) ഉം (2)ഉം പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് ... എൻജിനിയർ കൺവീനറും, എൽ.എസ്.ജി.ഡി. എൻജിനിയർ ചെയർമാ... ...യിൽ, പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ... ...ളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി, അതത് പഞ്ചായത്ത ... ...യുള്ള കൃഷി ഓഫീസറെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്താൻ അനുവാദം ... ...വാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിവ്യ എസ് അയ്യർ
ഡെപ്യൂട്ടി സെക്രട്ടറി

എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറി(കൃഷി(ഇ.എ)വകുപ്പ്)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ